സുപ്രീംകോടതി ഉത്തരവ് പ്രകാരം സ്വീകരിച്ച നടപടി

231 (7530) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗരുടെ നിയമനവും പ്രൊമോഷനുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 9096/2013 ഉത്തരവ് പ്രകാരം കേന്ദ്ര സർക്കാരിൽനിന്നും 36012/24/2009 നമ്പർ ഓഫീസ് മെമ്മോറാണ്ടം ലഭിച്ചിരുന്നോ ;

(ബി) എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) സാമൂഹ്യനീതിവകുപ്പ് ഈ ഉത്തരവിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചതായി സർക്കാരിനെ അറിയിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) യൂണിയൻ ഇന്ത്യ Vs നാഷണൽ ഫെഡറേഷൻ ഓഫ് ബ്ലൈൻഡ് സംബന്ധിച്ച കേസിൽ PWD Act 1995-ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് (അനുകൂലമായി) ബഹു: സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായം അനുസരിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടത്തിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്ക് 5-3-2014-ലെ സർക്കാർ കത്ത് നമ്പർ 18399/D1/13/SJD പ്രകാരം ബന്ധപ്പെട്ട എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിരുന്നു.

(സി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1995 ലെ PWD Act-ലെ 32-ാം വകുപ്പ് പ്രകാരം സാമൂഹ്യനീതി വകുപ്പിൽ പി.എസ്.സി. മുഖേന നേരിട്ട് നിയമനം നടത്തുന്ന തസ്തികകൾ അംഗപരിമിതർക്ക് അനുയോജ്യമായ തസ്തികയായി കണക്കാക്കിയിട്ടുണ്ട്. LDC, LD Typist, Typist/Clerk, Office Attendant എന്നീ തസ്തികകളാണ് സാമൂഹ്യനീതിവകുപ്പിൽ നേരിട്ട് നിയമനം നടത്തി മേൽപരാമർശിത തസ്തികയിൽ 3% അംഗപരിമിതർക്കായുള്ള സംവരണം നടന്നിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly